/77019/2023

ഡി. ജയപ്രസാദ് ഐ.എഫ്.എസ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(പ്ലാനിംഗ് & ഡെവലപ്മെന്റ്)
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ
പൂർണ്ണ അധിക ചുമതല

വനം വകുപ്പ് ആസ്ഥാനം,
വഴുതക്കാട്
തിരുവനന്തപുരം-14
ഫോൺ : 0471-2529111
email: apccf-admin.for@kerala.gov.in.

ഇ7-5288/2023 തീയതി : 27-09-2023

# സർക്കുലർ നമ്പർ : 04/2023

വിഷയം : കേരളാ വനം വകുപ്പ് - ജീവനക്കാര്യം - തുടർച്ചയായി ജോലി നോക്കുന്ന വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വിശ്രമം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. സംരക്ഷണവിഭാഗം ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങൾ.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 31-12-2019, 23-04-2021 എന്നീ തീയതികളിൽ HF1-2322/2018 നമ്പർ പ്രകാരം സർക്കാരിന് അയച്ച കത്തുകൾ.
3. സർക്കാരിന്റെ 04-09-2021-ലെ എഫ്3/135/2019/വനം നമ്പർ കത്ത്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ന്റെ 10-11-2021 തീയതിയിലെ ഇ7-4557/2019 നമ്പർ കത്ത്.
5. സംരക്ഷണ വിഭാഗം ജീവനക്കാരുടെ സംഘടനയായ കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ ഭാരവാഹി കളുമായി 16-08-2023-ന് നടന്ന ചർച്ചയിലെ തീരുമാനങ്ങൾ.

ഫോറസ്റ്റ് സ്റ്റേഷനുകളിലും, സെക്ഷനുകളിലും തുടർച്ചയായി ദിവസങ്ങളോളം ജോലി നോക്കുന്ന വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യത്തിന് വിശ്രമം ലഭിക്കുന്നില്ലായെന്നും, അവർക്ക് വ്യക്തിപരവും, കുടുംബപരവും ആയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമയം ലഭിക്കുന്നില്ലായെന്നും അതിനാൽ, വന സംരക്ഷണ പ്രവർത്ത നങ്ങൾക്ക് കോട്ടം വരാത്ത രീതിയിൽ ആനുപാതികമായി വിശ്രമം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംരക്ഷണ വിഭാഗം ജീവനക്കാരുടെ വിവിധ സംഘടനകൾ നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും സംഘടനാ പ്രതിനിധികൾ നിരവധി തവണ വനംവകുപ്പ് മേധാവിയെ നേരിൽ കണ്ട് ബോധിപ്പിക്കുകയും ചെയ്തിരുന്നു.

തുടർച്ചയായി ജോലി നോക്കുന്ന വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ജോലിക്ക് ആനുപാതികമായി വിശ്രമം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകണമെന്ന് സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, ഈ ഓഫീസിൽ നിന്നുമുള്ള ശുപാർശ പ്രകാരം ഈ വിഷയത്തിൽ നടപടി സ്വീകരിക്കാവുന്ന താണെന്ന് സൂചന (3) പ്രകാരം സർക്കാർ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സാധാരണഗതിയിൽ ആവശ്യമായതോ, ജോലിക്ക് ആനുപാതികമായതോ ആയ വിശ്രമം ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ഇവരെ ഡ്യൂട്ടിക്ക് നിയോഗിക്കാവൂ എന്ന് നിർദ്ദേശം ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ഡിവിഷൻതല ഓഫീസർമാർക്കും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സൂചന (4) പ്രകാരം

നിർദ്ദേശം നൽകിയിരുന്നു.

സൂചന (3) പ്രകാരം സർക്കാർ നിർദേശമനുസരിച്ചും, ഈ വിഷയം സംബന്ധിച്ച് സംരക്ഷണവിഭാഗം ജീവനക്കാരുടെ സംഘടനകളുടെ ആവശ്യങ്ങളും സൂചന (5) പ്രകാരം നടന്ന ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളും വിശദമായി പരിശോധിച്ചതിൽ ഈ ആവശ്യം ന്യായമാണെന്ന് വനം വകുപ്പിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായും വിവിധ തലത്തിലുള്ള ഫീൽഡ് ഓഫീസർമാരുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും വനംവകുപ്പിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചും വന സംരക്ഷണ ജോലിയുടെ ഭാഗമായി ഇരുപത്തിനാല് മണിക്കൂറും ഫോറസ്റ്റ് സ്റ്റേഷൻ/ സെക്ഷൻ ആസ്ഥാനത്ത് താമസിച്ചുകൊണ്ട് തുടർച്ചയായി ആറു ദിവസം വരെ ജോലി നോക്കുന്ന വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് യാതൊരു കോട്ടവും വരാത്ത രീതിയിൽ തൊട്ടടുത്ത മൂന്ന് ദിവസം വിശ്രമം നൽകുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**<u>നിർദ്ദേശങ്ങൾ :</u>**

1 . ഈ വിശ്രമം, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ (റിസർവ്വ്/ ഡിപ്പോ/ സ്പെഷ്യൽ റിക്രൂട്ട്മെന്റ്) എന്നീ തസ്തികകളിൽ ടെറിട്ടോറിയൽ ഡിവിഷനുകളിലും വൈൽഡ്ലൈഫ് ഡിവിഷനുകളിലുമുള്ള ഫോറസ്റ്റ് സ്റ്റേഷൻ/ സെക്ഷനുകളിൽ ജോലിചെയ്യുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് മാത്രമായിരിക്കുന്നതാണ്.

2. സ്റ്റേഷൻ/ സെക്ഷൻ ആസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും താമസിച്ച് തുടർച്ചയായി കുറഞ്ഞത് ആറു ദിവസം വരെ ജോലി നോക്കിയാൽ മാത്രമേ ഈ വിശ്രമം ലഭിക്കുകയുള്ളൂ. ആറു ദിവസത്തിൽ താഴെ ജോലി നോക്കിയാൽ ആനുപാതികമായി ഈ വിശ്രമം ലഭിക്കുന്നതല്ല.

3. തുടർച്ചയായി ആറു ദിവസത്തിൽ കൂടുതൽ ജോലി നോക്കുന്നവർക്കും ഒറ്റത്തവണയായി മൂന്നു ദിവസം മാത്രമേ വിശ്രമം അനുവദിക്കുകയുള്ളൂ. ആനുപാതികമായി മൂന്ന് ദിവസത്തിൽ കൂടുതൽ വിശ്രമം അനുവദിക്കുന്നതല്ല.

4 . മൂന്ന് ദിവസത്തെ വിശ്രമത്തിന്റെ ആരംഭത്തിലോ, മധ്യത്തിലോ, അവസാനമോ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതു അവധികളോ, രണ്ടാം ശനി, ഞായർ തുടങ്ങിയ അവധികളോ വന്നാൽ അത് ഉൾപ്പെടെ പരമാവധി മൂന്ന് ദിവസത്തെ വിശ്രമം മാത്രമേ അനുവദിക്കുകയുള്ളൂ.

5. ഈ വിശ്രമത്തോടൊപ്പം ജീവനക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അർഹതപ്പെട്ട മറ്റ് അവധികൾ ഫീൽഡ് സാഹചര്യം പരിഗണിച്ച് കൺട്രോളിംഗ് ഓഫീസർക്ക്/ അവധി അനുവദിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന് അനുവദിക്കാവുന്നതാണ്.

6. ഇപ്രകാരം വിശ്രമം അനുവദിക്കുമ്പോൾ സ്റ്റേഷന്റെ/ സെക്ഷന്റെ ആകെ Sanctioned Strength-ന്റെ 60% ജീവനക്കാർ സ്റ്റേഷനിൽ/ സെക്ഷനിൽ ഡ്യൂട്ടിയിൽ ഉണ്ട് എന്നുള്ള കാര്യം ബന്ധപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

7. Sanctioned Strength-ന്റെ 60% ഉറപ്പുവരുത്തുന്നതിനായി റൊട്ടേഷൻ അടിസ്ഥാനത്തിൽ വേണം ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ ഡ്യൂട്ടി നിശ്ചയിക്കുന്നതും, വിശ്രമം അനുവദിക്കുന്നതും.

8. സ്റ്റേഷനിലെയും/ സെക്ഷനിലെയും മുഴുവൻ ജീവനക്കാരുടെയും ആവശ്യകത ഡ്യൂട്ടിക്ക് അനിവാര്യമാകുന്ന അടിയന്തര ഘട്ടങ്ങളിൽ, അനുവദിച്ച വിശ്രമം റദ്ദാക്കി ജീവനക്കാരെ തിരികെ വിളിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ബന്ധപ്പെട്ട ഓഫീസർ ആവശ്യപ്പെട്ടാൽ ഉടൻതന്നെ ജീവനക്കാർ ഡ്യൂട്ടിക്ക് ഹാജരാകേണ്ടതാണ്. കഴിഞ്ഞ ആറ് ദിവസം തുടർച്ചയായി ജോലി നോക്കിയെന്ന കാരണത്താൽ ഇത്തരം അടിയന്തിര ഘട്ടങ്ങളിൽ മേൽ ഉദ്യോഗസ്ഥരുടെ പ്രത്യേക അനുമതിയില്ലാതെ ജീവനക്കാർ ജോലിയിൽ നിന്നും വിട്ടുനിൽക്കാൻ പാടുള്ളതല്ല.

വന സംരക്ഷണ വിഭാഗം ജീവനക്കാരുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ചുകൊണ്ടും, മനുഷ്യാവകാശ തത്വങ്ങളെ മാനിച്ചുകൊണ്ടും, ജീവനക്കാർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നതിലൂടെ വന സംരക്ഷണ പ്രവർത്തനങ്ങളിലുള്ള കാര്യക്ഷമത വർദ്ധിക്കുമെന്നതിന്റെ അടിസ്ഥാനത്തിലും വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു വിധത്തിലും കോട്ടം വരുത്താതെ മേൽപ്പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് പുറപ്പെടുവിക്കുന്ന ഈ ഉത്തരവ് കൃത്യമായി നടപ്പിലാക്കേണ്ട ബാദ്ധ്യത ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കാണ്.

വനം-വന്യജീവി സംരക്ഷണമാണ് പരമപ്രധാനം എന്ന ഉത്തമ ബോദ്ധ്യത്തോടുകൂടി മേൽ നിർദ്ദേശം ഈ ഉത്തരവ് തീയതി മുതൽ ആറ് മാസക്കാലയളവിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഈ വിശ്രമം അനുവദിച്ചത് വഴി വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ടി ആറ് മാസക്കാലയളവിൽ ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും പരിശോധിച്ച് വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

Signed by
D Jayaprasad Ifs
Date: 27-09-2023 13:27:07

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(പ്ലാനിംഗ് & ഡെവലപ്മെന്റ്) &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
(പൂർണ്ണ അധികച്ചുമതല)

പകർപ്പ് :
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്.
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
3. എല്ലാ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐറ്റി) ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

/77019/2023

6. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
8. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ്/ പെരിയാർ വെസ്റ്റ്/ പറമ്പിക്കുളം.
9. എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും.
10. എല്ലാ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/
    എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
11. എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും/
    എല്ലാ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കും.